6

# പരിശുദ്ധാത്മാവിന്റെ വരങ്ങൾ

*"അതുകൊണ്ട് കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്, ആത്മാവ് ഒന്നത്രെ; ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്, കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസം ഉണ്ട്, എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ. എന്നാൽ ഓരോരുത്തന്ന് ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു" (1 കൊരിന്ത്യർ 12:4-7).*

പരിശുദ്ധാത്മാവ് നൽകുന്ന വരങ്ങളും, പരിശുദ്ധാത്മാവിന്റെ ''വരങ്ങളും'' തമ്മിൽ തെറ്റിദ്ധരിക്കരുത്. പരിശുദ്ധാത്മാവിന്റെ "വരം" (ഗ്രീക്ക്: *ഡോറിയാ*) എന്നു പറയുന്നതു പരിശുദ്ധാത്മാവ് തന്നെയാണ് (പ്രവൃത്തികൾ 10:44, 45; 11:17), എന്നാൽ "വരങ്ങൾ" (ഗ്രീക്ക്: *ക്രിസ്മാ*), പരിശുദ്ധാത്മാവിനാൽ ദൈവം നൽകുന്ന അസാധാരണ ശക്തിയാലുണ്ടാകുന്നവയാണ് (റോമർ 1:11; 12:6; 1കൊരിന്ത്യർ 1:7; 12:4, 9, 28, 30, 31; 1 തിമൊഥെയൊസ് 4:14; 2 തിമൊഥെയൊസ് 1:6). ക്രിസ്മാ എന്ന വാക്ക് ("കൃപ" എന്നും തർജിമ ചെയ്തിട്ടുണ്ട്; 2 കൊരിന്ത്യർ 1:11), അസാധാരണമല്ലാത്ത വരങ്ങളെ സൂചിപ്പിച്ചും പറഞ്ഞിട്ടുണ്ട് (റോമർ 5:15, 16; 6:23; 11:29; 12:6-8; 1 പത്രൊസ് 4:10, 11).

പൗലൊസ് പറഞ്ഞു, "വരങ്ങളിൽ വ്യത്യാസമുണ്ട്, ആത്മാവ് ഒരുവൻ" (1 കൊരിന്ത്യർ 12:4). വിവിധ വരങ്ങളുണ്ടായിരുന്നതുകൊണ്ട് അവ വെവ്വേറെ ആത്മാക്കളാണെന്ന് തെറ്റിദ്ധരിക്കരുതെന്ന് പൗലൊസ് കൊരിന്ത്യരെ ധരിപ്പിക്കയായിരുന്നു. ഭിന്നതക്കു പകരം (1 കൊരിന്ത്യർ 1:10-12) വിവിധ അത്ഭുത വരങ്ങൾ കൊരിന്ത്യരെ "ആത്മാവിന്റെ ഐക്യതയിലേക്കാണ്" കൊണ്ടുവരേണ്ടത് എന്നാണ് പൗലൊസ് പറഞ്ഞത് (എഫെസ്യർ 4:3). മനുഷ്യശരീരത്തിലെ വിവിധ അവയവങ്ങളുടെ ഐകമത്യപ്രവർത്തനത്തെ ക്രിസ്തുവിന്റെ ശരീരത്തിലെ വിവിധ അവയവങ്ങളോട് താരതമ്യം ചെയ്തു പൗലൊസ് ചിത്രീകരിച്ചിരിക്കുന്നു (1 കൊരിന്ത്യർ 12:12, 13).

### വിവിധ രീതിയിലുള്ള വരങ്ങൾ

1 കൊരിന്ത്യർ 12-ൽ പൗലൊസ് ഒമ്പതു വരങ്ങളെ കുറിച്ചു പറയുന്നു: ''ജ്ഞാനത്തിന്റെ വചനം,'' ''പരിജ്ഞാനത്തിന്റെ വചനം,'' (വാ.8); "വിശ്വാസം," "രോഗശാന്തികളുടെ വരം," (വാ.9); "വീര്യപ്രവൃത്തികൾ," "പ്രവചനം," "ആത്മാക്കളുടെ വിവേചനം," "ഭാഷകളുടെ വ്യാഖ്യാനം," (വാ.10). ഈ വരങ്ങൾ എല്ലാം ഉള്ള ആരും കൊരിന്ത്യാ സഭയിലുണ്ടായിരുന്നില്ല. എഫ് ഡബ്ലിയു. ഗ്രോഷെയിഡ് ശരിയായി നിരീക്ഷിച്ചു, ''ഇവിടെ വിവിധ വരങ്ങളെ കുറിച്ച് പറഞ്ഞിട്ടുള്ളത്, എല്ലാം ലഭിച്ച ആരുമില്ലായിരുന്നു."[1] ഒരുപക്ഷെ അപ്പൊസ്തലന്മാർക്ക് എല്ലാ വരങ്ങളും ലഭിച്ചിരിക്കാം, അല്ലാതെ മറ്റാർക്കും എല്ലാം ലഭിച്ചിരുന്നില്ല.

കൊരിന്ത്യസഭയിൽ അത്ഭുതവരങ്ങൾ ആത്മാവ് ഇഛിക്കും പോലെയായിരുന്നു പകർന്നു കൊടുത്തത്. ആ വസ്തുത ഊന്നി പറയുവാൻ

പൗലൊസ് ശ്രദ്ധിച്ചിരുന്നു: "എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുംപോലെ അവനവന്നു അതാതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ" (1 കൊരിന്ത്യർ 12:11). ഗോർഡെൻ ഫീ പറഞ്ഞു, "വിവിധ വരങ്ങളിലും, ശുശ്രൂഷകളിലും പ്രവർത്തിക്കുന്നത് ഒരേ ആത്മാവ് / കർത്താവ് / ദൈവം ആണ് എന്ന് ഊന്നി പറയുന്നതാണ് ദൈവിക വ്യക്തി കളോടു ചേർത്ത് 'ഒരേ' എന്ന വാക്ക്. അതുകൊണ്ട് ദൈവിക ഐക്യത വരങ്ങളുടെ ഐകരൂപ്യത്തിലുണ്ട് എന്നർത്ഥമാക്കുന്നില്ല; മറിച്ച്, ആ വിവിധ വരങ്ങളുടെ ഉറവിടവും ഉത്തരവാദിത്തവും ദൈവമാണ്."[2]

അഹങ്കാരം നിമിത്തം അസൂയയും ഭിന്നതയുമുണ്ടാകുന്നതിനു പകരം വരങ്ങളുടെ ഫലമായി, ഐക്യതയാണ് ഉണ്ടാകേണ്ടത്. വിവിധ വരങ്ങളുടെ ഉപയോക്താക്കൾ തിരിച്ചറിയേണ്ടത്, അത് സ്വന്തം-യോഗ്യതയോ, കഴിവോ കൊണ്ട് നേടിയെടുക്കുവാൻ സാധ്യമല്ല എന്നതാണ്, എന്നാൽ എല്ലാ മാനവും പുകഴ്ച്ചയും അതു (ആത്മാവിനാൽ) നല്കുന്ന യേശുവിനായിരിക്കണം നൽകേണ്ടത്.

ഒരാൾക്ക് എല്ലാ വരങ്ങളുമുണ്ടെന്നല്ല, മറിച്ച്ഓരോരുത്തന്ന് അതാതു വരമാണ് ഓരോ ക്രിസ്ത്യാനിക്കും നല്കിയിരിക്കുന്നത് എന്നാണ് പൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് ഊന്നി പറഞ്ഞത്:

> എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ? എല്ലാ വർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? (1 കൊരിന്ത്യർ 12:29, 30).

റോബെർട്ട് ബ്രാച്ചർ ചുണ്ടിക്കാട്ടി, "... ആ രണ്ടു വാക്യങ്ങളിൽ ഏഴു അലങ്കാരബഹുലമായ ചോദ്യങ്ങളുണ്ട്. അവ എല്ലാം 'അല്ല' എന്ന ഉത്തരം പ്രതീക്ഷിക്കുന്നവയാണ്.[3] ഓരോ ക്രിസ്ത്യാനിക്കും ഒരേ കഴിവുകൾ നൽകി യതല്ല അത്ഭുതവരങ്ങൾ.

### അത്ഭുതവരങ്ങളുടെ ഉദ്ദേശം

സഭയുടെ കെട്ടുപണിക്ക് മൊത്തത്തിൽ പ്രയോജനപ്പെടേണ്ടതിനായി രുന്നു അത്ഭുതവരങ്ങൾ, അല്ലാതെ അതു ലഭിച്ചവരുടെ വ്യക്തിപരമായ ഉദ്ദേ ശത്തിനായിരുന്നില്ല. ഈ സത്യം കൊരിന്ത്യർ അറിയാതിരിക്കരുതെന്ന് പൗലൊസ് ആഗ്രഹിച്ചു.

> എന്നാൽ ഓരോരുത്തന്ന് ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തി ന്നായി നൽകപ്പെടുന്നു (1 കൊരിന്ത്യർ 12:7).
>
> നമ്മിൽ അഴകു കുറഞ്ഞ അവയവങ്ങൾക്ക് നാം അധികം അഴക് വരുത്തു ന്നു. അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ലല്ലൊ. ശരീരത്തിൽ ഭിന്നത ഭവിക്കാതെ, അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ട തിന്ന് ദൈവം കുറവുള്ളതിന് അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു (1 കൊരിന്ത്യർ 12:24, 25).

മറ്റു വരങ്ങളെപോലെ, പ്രവചനവരവും സഭയുടെ ആത്മികവർദ്ധനെക്കാകുന്നു: “പ്രവചിക്കുന്നവനോ സഭയുടെ ആത്മിക വർദ്ധനെക്കും പ്രബോധനത്തിനും, ആശ്വാസത്തിനുമായി മനുഷ്യരോട് സംസാരിക്കുന്നു” (1 കൊരിന്ത്യർ 14:3). “അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെ കുറിച്ച് വാഞ്ഛയുള്ളവരാകയാൽ സഭയുടെ ആത്മികവർദ്ധനെക്ക് സഫലന്മാർ ആകുവിൻ” (1 കൊരിന്ത്യർ 14:12); “... സകലവും ആത്മികവർദ്ധനെക്കായി ഉതകട്ടെ” (1 കൊരിന്ത്യർ 14:26). “സകലവും” എന്ന പദപ്രയോഗം അർത്ഥമാക്കുന്നത് ഭാഷാവരമടക്കമുള്ള ഏതൊരു അത്ഭുതവരമായാലും ക്രിസ്തീയ സഭായോഗത്തിൽ അതു വ്യക്തിപരമായ വർദ്ധനെക്കല്ല, മറിച്ച് സഭയുടെ ആത്മിക വർദ്ധനവിനാണ് എന്നത്രെ.

ഫ്രെഡറിക് ഡെയിൽ ബ്രൂണർ പറഞ്ഞു,

> ഇടവകയുടെ ഉയർന്ന കാഴ്ച്ചപ്പാടിലാണ് പൗലൊസ് വരങ്ങളെ കാണുന്നത്, അതുകൊണ്ട് ആ കാഴ്ച്ചപ്പാടിൽ വരങ്ങളുടെ വെറും നിലനില്പല്ല അവൻ കാണുന്നത്, മറിച്ച് മറ്റുള്ളവരെ പണിയേണ്ടതിന്ന് അവരോട് മനസിലാകുന്ന വിധത്തിൽ ആശയവിനിമയം നടത്തുന്നതാണ്. പൗലൊസിന്റെ ചിന്തയിൽ, വ്യക്തിപരമായ ഉദ്ദേശത്തിന് വേണ്ടി “നിലനില്ക്കുന്നു” എന്നു പറയുന്നതിനെ, തീർച്ചയായും ചോദ്യം ചെയ്യപ്പെടേണ്ടതാണ്.[4]

## വരങ്ങളുടെ ഗുണഭോക്താക്കൾ

ക്രിസ്ത്യാനികൾക്ക് അത്ഭുതവരങ്ങൾ നൽകിയത് അവർ തികഞ്ഞവരായിതീർന്നതുകൊണ്ടല്ല, അവർ ആത്മിയമായി വളർന്നു പക്വതയിലെത്തേണ്ടതിനായിരുന്നു. ആത്മിയമായി ഉയർന്നവർക്കായിരുന്നില്ല, അടുത്ത സമയത്ത് പരിവർത്തനം ചെയ്തവർക്കായിരുന്നു അത്ഭുതവരങ്ങൾ നൽകിയത് (പ്രവൃത്തികൾ 8:14–18; 19:6). കൊരിന്ത്യസഭയിലുണ്ടായിരുന്നവർ പുതിയ ക്രിസ്ത്യാനികളായിരുന്നതുകൊണ്ട് അവർ വളരേണ്ടതുണ്ടായിരുന്നു.

ബ്രൂണർ ചൂണ്ടിക്കാട്ടി, “ആത്മിയ വരങ്ങൾ (പൗലൊസിന്റെ പ്രയോഗ പ്രകാരം കൃപകൾ) ചിലർക്ക് അവരുടെ ആഴമേറിയ ധ്യാനം നിമിത്തമോ, ആത്മാവിനോടുള്ള ഏറ്റവും അടുപ്പമുള്ള കുറെപ്പേർക്കായി, നൽകുന്ന ഒന്നായി കണക്കാക്കരുത്.”[5]

അത്ഭുതവരങ്ങൾ നൽകുമ്പോൾ അത് അവരുടെ ആത്മിയ ഉയർച്ചയെ ഉറപ്പിക്കുന്നതല്ല എന്ന് കൊരിന്ത്യാസഭയിൽ തെളിയിച്ചിരിക്കയാണ്. പൗലൊസ് പറഞ്ഞതനുസരിച്ച്, കൊരിന്ത്യാസഭക്ക് ആത്മിയ വർദ്ധനവിന്റെ കുറവുണ്ടായിരുന്നു. ആ ക്രിസ്ത്യാനികളെ കുറിച്ച് അവൻ എഴുതി,

> എന്നാൽ സഹോദരന്മാരേ, നിങ്ങളോട് എനിക്ക് ആത്മികന്മാരോട് എന്നപോലെ അല്ല, ജഡികന്മാരോട് എന്നപോലെ ക്രിസ്തുവിൽ ശിശുക്കളായവരോട് എന്നപോലെ അത്രെ സംസാരിപ്പാൻ കഴിഞ്ഞുള്ളു. ഭക്ഷണമല്ല പാൽ അത്രെ ഞാൻ നിങ്ങൾക്ക് തന്നത്. ഭക്ഷിപ്പാൻ നിങ്ങൾക്ക് കഴിവില്ലായിരുന്നു. ഇപ്പോഴും കഴിവായിട്ടില്ല. ഇന്നും നിങ്ങൾ ജഡികന്മാരല്ലൊ. നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരേ പോലെ നടക്കുന്നവരും അല്ലോ? (1 കൊരിന്ത്യർ 3:1–3).

പരിശുദ്ധാത്മസ്നാനത്താൽ അപ്പൊസ്തലത്വത്തിന്റെ അടയാളമായി അവർക്ക് പ്രത്യേകശക്തി നൽകി (2 കൊരിന്ത്യർ 12:12; കൂടാതെ പ്രവൃത്തികൾ 1:8; 2:1–4). രക്ഷക്കായി ദൈവം ജാതികളെയും സ്വീകരിക്കുമെന്നതിന്റെ ആടയാളമായും ഇതു ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 10:44, 45; 11:15; 15:7–9). അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ മറ്റുള്ളവർക്ക് ആത്മാവിനെ നൽകുകയും പ്രത്യേക അത്ഭുതവരങ്ങൾ അവരിൽ പകരുകയും ചെയ്തിരുന്നു (പ്രവൃത്തികൾ 8:14–18; 19:5, 6; 2 തിമൊഥെയൊസ് 1:6). പരിശുദ്ധാത്മസ്നാനവും, അപ്പൊസ്തലന്മാരുടെ കയ്യാൽ ലഭിച്ച അത്ഭുതവരങ്ങളും തികച്ചും വ്യത്യസ്ത സംഭവങ്ങളായിരുന്നു.[6]

പൗലൊസ് 2 തിമൊഥെയൊസ് 1:6-ൽ തിമൊഥെയൊസിനോട് പറഞ്ഞ പ്രസ്താവന എടുത്തുകൊണ്ട് അപ്പൊസ്തലന്മാർക്ക് മാത്രമല്ല പരിശുദ്ധാത്മാവ് നൽകുവാൻ കഴിഞ്ഞിരുന്നത് എന്ന് പറയാറുണ്ട്. തന്റെ "കൈവെപ്പിനാൽ" തിമൊഥെയൊസിന് കൃപാവരം, *ക്രിസ്മാ* ലഭിച്ചിരുന്നതായി പൗലൊസ് എഴുതിയിട്ടുണ്ട് മുൻപ് തിമൊഥെയൊസിന് എഴുതുമ്പോൾ പറഞ്ഞു, "മൂപ്പന്മാരുടെ കൈവെപ്പിനാൽ നിനക്ക് ലഭിച്ചതായ നിന്റെ കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്" (1 തിമൊഥെയൊസ് 4:14).

> തിമൊഥെയൊസിന് വരം ലഭച്ചത് "മുഖാന്തരം" അല്ലെങ്കിൽ "ആൽ" (ഡയാ എന്ന ഗ്രീക്ക് ഗതിയോടുകൂടെയാണ്, അതു ഒരു വിഭക്തിയോടുകൂടെ ഉപയോഗിച്ചതിന്റെ അർത്ഥം, ഒരു ഏജൻസിയാലുള്ള മറ്റൊരു പ്രവൃത്തി എന്നാണ്) അതായത് പൗലൊസിന്റെ കൈവെപ്പിനാൽ അത്രെ (2 തിമൊഥെയൊസ് 1:6). "കൂടെ" എന്നതോടെ വരങ്ങൾ ലഭിച്ചിരിക്കുവാനാണ് കൂടുതൽ സാധ്യത (മെറ്റാ, ഒരു വിഭക്തിയോടുകൂടെ ഗതി ഉപയോഗിക്കുമ്പോൾ, ഇംഗ്ലീഷിൽ "ഇൻ കംപാനിയൻ വിത്ത്" എന്നാണർത്ഥം) മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ എന്നർത്ഥം (1 തിമൊഥെയൊസ് 4:14). തിമൊഥെയൊസിന് എങ്ങനെ വരം ലഭിച്ചു എന്ന് പൊലൊസ് രണ്ട് വ്യത്യസ്ത ഗതി ഉപയോഗിച്ച് വിവരിച്ചു. യേശു പൗലൊസിന്റെ കൈവെപ്പോടും, മൂപ്പന്മാരുടെ കൈവെപ്പോടുംകൂടെ തിമൊഥെയൊസിന് വരം നൽകി. വരം നൽകുവാൻ പൗലൊസിന്റെ കൈവെപ്പ് ഒരു ഏജൻസിയായി, പൗലൊസിനോടുകൂടെ മൂപ്പന്മാരുടെ കൈവെപ്പുകൂടെ ആയപ്പോൾ, ആ വരം തിമൊഥെയൊസ് എങ്ങനെ ഉപയോഗിക്കണമെന്ന് ചുമതലപ്പെടുത്തി.[7]

കൈവെപ്പിന് വിവിധ ഉദ്ദേശങ്ങളുണ്ടായിരുന്നു: (1) മറ്റൊരാളിൽ അനുഗ്രഹം പകരുവാൻ (മത്തായി 19:15), (2) രോഗശാന്തിക്കുള്ള ശക്തി ലഭിക്കുവാൻ (ലൂക്കൊസ് 4:40; 13:13), (3) പരിശുദ്ധാത്മവരങ്ങൾ പകരുവാൻ (പ്രവൃത്തികൾ 8:14–18; 19:6; 2 തിമൊഥെയൊസ് 1:6), (4) ആളുകൾക്ക് പ്രത്യേക ഉദ്യോഗമോ ഉത്തരവാദിത്തമോ നൽകുവാൻ (പ്രവൃത്തികൾ 6:6; 13:3). തിമൊഥെയൊസിനെ ഒരു സുവിശേഷകനായി ഒരുക്കുന്നതിനായിരുന്നു. പൗലൊസിന്റെ കയ്യാൽ തിമൊഥെയൊസിന് പ്രത്യേക വരം ലഭിച്ചു (2 തിമൊഥെയൊസ് 1:6). പൗലൊസിന്റെ കൈവെപ്പോടുകൂടെ മൂപ്പന്മാരുടെ കൈവെപ്പും കൂടെയായപ്പോൾ ആ വരം എങ്ങനെ ഉപയോഗിക്കണമെന്ന് തിമൊഥെയൊസിനെ ഉറപ്പാക്കി (1 തിമൊഥെയൊസ് 4:14).

ചില ആളുകൾക്ക് മാത്രമാണ് ആത്മിയ വരങ്ങളുണ്ടായിരുന്നത്: (1) അപ്പൊസ്തലന്മാർക്കും ജാതിയിൽനിന്ന് ആദ്യമായി പരിവർത്തനം ചെയ്തവർക്കും, അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചവർക്കും, ഒഴിച്ച് മറ്റാർക്കും ആത്മിയ വരങ്ങൾ ലഭിച്ചിരുന്നില്ല (പ്രവൃത്തികൾ 19:6). (2) അപ്പൊസ്തലന്മാരിൽകൂടെ ആത്മവരങ്ങൾ ലഭിച്ചവർക്ക് അവ മറ്റുള്ളവർക്ക് ലഭ്യമാക്കുവാൻ അപ്പൊസ്തലന്മാർ സന്നിഹിതരാകേണ്ടിയിരുന്നു (ഗ്രീക്ക്.: *ക്രിസ്മാ*; റോമർ 1:11). (3) ഈ വരം ലഭിച്ചവരുടെ ഇഛക്കനുസരിച്ചല്ല, പരിശുത്മാവിന്റെ ഇഛയനുസരിച്ചാണ് അതു പ്രവർത്തിച്ചിരുന്നത് (1 കൊരിന്ത്യർ 12:11). (4) ഒരു ഇടവകയിൽ വരങ്ങളുള്ളത് തെളിയിക്കുന്നത് അവിടെ ഒരപ്പൊസ്തലൻ സന്ദർശിച്ചിരുന്നു എന്നാണ് (1 കൊരിന്ത്യർ 9:1, 2).

ഉദാഹരണമായി, കൊരിന്ത്യാസഭ ‘‘ഒരു വരത്തിലും കുറവില്ലായിരുന്നുന്നു’’ (1 കൊരിന്ത്യർ 1:7). അതു വാസ്തവമായിരുന്നു, കാരണം, അപ്പൊസ്തലനായ പൗലൊസ് കൊരിന്തിൽ ചെന്നിരുന്നു. മറ്റു അപ്പൊസ്തലന്മാരും അവരുടെ അപ്പൊസ്തലത്വത്തിന്റെ അടയാളമായി അവർക്ക് വരങ്ങൾ കൊടുത്തിരിക്കാം. പൗലൊസ് കൊരിന്തിലായിരുന്നപ്പോൾ അവൻ അത് ചെയ്തിട്ടുണ്ട് (2 കൊരിന്ത്യർ 12:12); എങ്ങനെയായാലും, മറ്റുള്ളവർ അവിടെയുണ്ടായിരുന്നില്ല. അക്കാരണത്താൽ, താൻ അപ്പൊസ്തലൻ ആണെന്നതിന് കൊരിന്ത്യാസഭയെ അവനു ചൂണ്ടിക്കാണിക്കുവാൻ കഴിയുമായിരുന്നു:

> ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അപ്പൊസ്തലൻ അല്ലയോ? നമ്മുടെ കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ? കർത്താവിൽ ഞാൻ ചെയ്ത പ്രവർത്തികളുടെ ഫലം നിങ്ങൾ അല്ലയോ? മറ്റുള്ളവർക്ക് ഞാൻ അപ്പൊസ്തലൻ അല്ലെന്നു വരികിൽ എങ്ങനെയെങ്കിലും നിങ്ങൾക്ക് ആകുന്നു; കർത്താവിൽ എന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര നിങ്ങളാകുന്നു (1 കൊരിന്ത്യർ 9:1, 2).

പൗലൊസിന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര കൊരിന്ത്യൻ സഭ ആയിരുന്നു കാരണം, അവർക്ക് വരങ്ങളിൽ കുറവൊന്നുമില്ലായിരുന്നു, അപ്പൊസ്തലന്മാർക്ക് നൽകുവാൻ കഴിയുന്ന എല്ലാ വരങ്ങളും അവർക്കുണ്ടായിരുന്നു. പൗലൊസിന്റെ അപ്പൊസ്തലത്വത്തെ ആരെങ്കിലും ചോദ്യം ചെയ്താൽ പൗലൊസിന് കൊരിന്ത്യാസഭയെ ചുണ്ടി കാണിച്ചു പറയാം, “അവരാണ് എന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര.” അപ്പൊസ്തലന്മാർക്ക് മാത്രമെ വരങ്ങൾ നൽകുവാൻ കഴിഞ്ഞിരുന്നുള്ളു എന്നതുകൊണ്ട് - മറ്റു അപ്പൊസ്തലന്മാരാരും അവിടെ വരാതിരുന്നതുകൊണ്ട് - കൊരിന്ത്യർക്ക് വരങ്ങൾ ലഭിച്ചത് പൗലൊസ് അപ്പൊസ്തലനായിരുന്നു എന്ന് സംശയരഹിതമായി തെളിയിക്കുന്നു. ആ സത്യത്തിന്റെ അടിസ്ഥാനത്തിൽ, അപ്പൊസ്തലന്മാർക്ക് മാത്രമെ വരങ്ങൾ പകുത്തുകൊടുപ്പാൻ കഴിഞ്ഞിരുന്നുള്ളു എന്നു നമുക്ക് തീർച്ചയാക്കാം. അപ്പൊസ്തലൻ-അല്ലാത്തവർക്ക് ആത്മവരങ്ങൾ നൽകുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, കൊരിന്ത്യാസഭ പൗലൊസിന്റെ അപ്പൊസ്തലമുദ്രയായി എടുത്തു പറയുവാൻ കഴിയുമായിരുന്നില്ല.

## വരങ്ങളുടെ സ്വഭാവം

ഒമ്പതു വരങ്ങളിൽ ഓരോന്നും ശൈശവപ്രായത്തിലുള്ള കൊരിന്ത്യാ സഭക്ക് പ്രയോജനപ്രദമായിരുന്നു. ആ സമയത്ത് ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായും നൽകി കഴിഞ്ഞിരുന്നില്ല; അവന്റെ വചനം രേഖപ്പെടുത്തിയിരുന്നുമില്ല. അതു ഉറപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നു. അതുകൊണ്ട്, ആ സമൂഹത്തിലെ പുതിയ ക്രിസ്ത്യാനികൾക്ക് നിർദ്ദേശങ്ങളും ശക്തിപ്പെടുത്തലും ആവശ്യമായിരുന്നു.

"വചനത്തിന്റെ ജ്ഞാനം" എന്ന വരം (1 കൊരിന്ത്യർ 12:8), അതു ആത്മാവിനാൽ ദൈവം നേരിട്ട് നൽകുകയായിരുന്നു (1 കൊരിന്ത്യർ 12:11), അതു മനുഷ്യപ്രയത്നം കൊണ്ടും കഴിവുകൊണ്ടും ലഭിക്കുന്നതിൽനിന്നു വ്യത്യസ്തമാകുന്നു. ആ വ്യത്യാസം പൗലൊസ് ഊന്നി പറയുന്നുണ്ട്:

> നിങ്ങളുടെ വിശ്വാസത്തിന്ന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന്ന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാലല്ല ആത്മാവിന്റേയും ശക്തിയുടേയും പ്രദർശനത്താലത്രേ ആയിരുന്നത്.
> എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാനമല്ല, നശിച്ചുപൊകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല; ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രെ ഞങ്ങൾ മർമ്മമായി സംസാരിക്കുന്നു (1 കൊരിന്ത്യർ 2:4–7).

> ... അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട്, ആത്മികന്മാർക്ക് ആത്മിയമായത് തെളിയിക്കുന്നു ... (1 കൊരിന്ത്യർ 2:13).

പൗലൊസിന്റെ മനസിലുണ്ടായിരുന്ന "ജ്ഞാനത്തിന്റെ വചനം" മനുഷ്യരുടെ ജ്ഞാനമായിരുന്നില്ല, മറിച്ച് ആത്മാവിനാൽ ദൈവത്തിൽനിന്നുള്ള ജ്ഞാനമായിരുന്നു.

"പരിജ്ഞാനത്തിന്റെ വചനം" (1 കൊരിന്ത്യർ 12:8) ജ്ഞാനത്തേപോലെ ആത്മാവിനാൽ ദൈവത്തിൽനിന്നു ലഭിച്ചതാണ് (ഗ്രീക്ക്: *നോസിസ്*).[8] ഈ പരിജ്ഞാനം ജ്ഞാനത്തോടുകൂടെ ക്രിസ്തുവിൽ മറെഞ്ഞിരുന്നു (കൊലൊസ്യർ 2:2, 3) ആത്മാവിനാൽ അതു വെളിപ്പെടുത്തുന്നതുവരെ അതു മർമ്മമായിത്തന്നെയിരുന്നു (എഫെസ്യർ 3:3–5). ബൈബിളിൽ പറഞ്ഞിരിക്കുന്ന മറ്റൊരു ജ്ഞാനം മനുഷ്യരുടെ അനുഭവത്തിൽ വിവേചിക്കുന്നതാണ്. (ഗ്രീക്ക്: *സുനിയോഡൊ;* പ്രവൃത്തികൾ 5:2). മാനുഷികജ്ഞാനത്തിനു പകരം, "വചനത്തിന്റെ പരിജ്ഞാനമാണ്" "ദൈവത്തിന്റെ ജ്ഞാനം." അതു ജ്ഞാനത്തോടുകൂടി അറിയേണ്ടതിന്ന് വെളിപ്പെടുത്തിയിരിക്കുന്നു (റോമർ 11:33).

ആത്മാവിനാൽ നൽകിയ "വിശ്വാസവും" (1 കൊരിന്ത്യർ 12:9) ദൈവവചനം വായിക്കുന്നതു മുഖാന്തരമുണ്ടാകുന്ന വിശ്വാസവും വ്യത്യാസമുണ്ട് (പ്രവൃത്തികൾ 17:11, 12; റോമർ 10:17). ദൈവവചനം മുഖാന്തരമുള്ള ഉപദേശരൂപത്തിനും അതിൽനിന്നും വ്യത്യാസമുണ്ട് (ഗലാത്യർ 3:23; ഫിലിപ്പിയർ

1:27; 1 തിമൊഥെയൊസ് 3:9; യൂദാ 3). അത്തരം വിശ്വാസം ലഭിക്കുന്നവർക്ക് അമാനുഷ ശക്തി മുഖാന്തരം വരം ലഭിക്കുന്നതുപോലെയാണ്, ആത്മാവിനാൽ വിശ്വാസം ലഭിക്കുന്നത് (1 കൊരിന്ത്യർ 12:11; 13:2).

"രോഗശാന്തിവരവും" "വീര്യപ്രവൃത്തിയും" (1 കൊരിന്ത്യർ 12:9, 10) ആത്മാവിന്റെ വരങ്ങളായിരുന്നു. ഈ വരങ്ങൾ അതിന്റെ ഗുണഭോക്താക്കളെ രോഗികളെ ശുശ്രൂഷിക്കുവാൻ അമാനുഷമായി ശക്തീകരിച്ചു.

ദൈവവചനവെളിപ്പാടുമായി ബന്ധപ്പെട്ടവയാണ് "പ്രവചനവും" "ആത്മാക്കളെ വിവേചിക്കലും" (1 കൊരിന്ത്യർ 12:10). ക്രിസ്തീയകാലത്തിന്-മുൻപ് ദൈവം തന്റെ വചനം ആത്മാവിനാൽ പഴയനിയമപ്രവാചകന്മാരിൽകുടെ വെളിപ്പെടുത്തിയിരുന്നു (2 പത്രൊസ് 1:20, 21). പുതിയനിയമകാലത്തിലും ദൈവം തന്റെ വചനം എല്ലാവരിലും വെളിപ്പെടുത്താതെ, അപ്പൊസ്തലന്മാരിലും പ്രവാചകന്മാരിലും മാത്രം നല്കി. അവർ എഴുതിയത് വായിച്ചിട്ടുവേണം മറ്റുള്ളവർ ആ വെളിപ്പാട് മനസിലാക്കുവാൻ (എഫെസ്യർ3:3-5).

സത്യോപദേശവും ദുരുപദേശവും തമ്മിൽ വേർതിരിച്ചറിയുന്നതിനുവേണ്ടിയായിരുന്നു ആത്മാക്കളുടെ വിവേചന വരം ലഭിച്ചിരുന്നത് (1 കൊരിന്ത്യർ 12:10; 14:29).

ലിസ്റ്റിൽ അവസാനം കൊടുത്തിരിക്കുന്നതാണ് "പലവിധഭാഷകളും" "ഭാഷകളുടെ വ്യാഖ്യാനവും" (1 കൊരിന്ത്യർ 12:10). ഈ വരങ്ങളുടെ ഗുണഭോക്താക്കൾക്ക് അവർ പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ സംസാരിക്കുവാനോ അല്ലെങ്കിൽ മുൻപ് അറിയാത്തതും പഠിച്ചിട്ടില്ലാത്തതുമായ ഭാഷയിൽ വ്യാഖ്യാനിക്കുവാനും കഴിഞ്ഞിരുന്നു.[9]

ആ വരങ്ങൾ നല്കിയത് നല്കിയവരുടെ മഹത്വത്തിനോ അല്ലെങ്കിൽ ആത്മാവിന്റെ മഹത്വത്തിനോ ആയിരുന്നില്ല. യേശു ആത്മാവിനെ കുറിച്ച് പറഞ്ഞു, "അവൻ എന്നെ മഹത്വപ്പെടുത്തും" (യോഹന്നാൻ 16:14). ഏതെങ്കിലും വ്യക്തിക്കോ അല്ലെങ്കിൽ ആത്മാവിനോ മഹത്വം കൊടുക്കുന്ന എതൊരു ഉപദേശമോ പരിശീലനമോ ഉണ്ടെങ്കിൽ, അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയും ഉദ്ദേശത്തെയും അസ്ഥിരപ്പെടുത്തുന്നതാണ്.

### ഉപസംഹാരം

ശൈശവപ്രായത്തിലുള്ള സഭക്ക് പക്വതയിലേക്ക് വളരുവാനും, വിശ്വാസത്തിൽ ഉറയ്ക്കുന്നതിനും, ആത്മികവർദ്ധനെക്കുമായിട്ടായിരുന്നു ആത്മിയവരങ്ങൾ നൽകിയിരുന്നത്. ആത്മിയവരങ്ങൾ അപ്പൊസ്തലന്മാരെയാണ് ഭരമേൽപിച്ചിരുന്നത്. ആത്മാവ്, തന്റെ ഇഷ്ടപ്രകാരം അപ്പൊസ്തലന്മാരുടെ കയ്യാൽ അവ വിതരണം ചെയ്തു. ശൈശവക്രിസ്ത്യാനികളെ വിശ്വാസത്തിൽ അവർ പക്വതയെത്തുവാനായിട്ടായിരുന്നു വരങ്ങൾ നൽകിയത്. മഹത്വം ആത്മാവിനോ, വരംലഭിച്ചവർക്കോ കൊടുക്കാതെ, യേശുവിന്ന് കൊടുക്കേണമായിരുന്നു.

---

കുറിപ്പുകൾ

[1]എഫ്. ഡബ്ലിയു. ഗ്രോഷെയിഡ്, *കമെന്ററി ഓൺ ദ ഫസ്റ്റ് എപ്പിസ്റ്റൽ ടു ദ കൊരിന്ത്യൻസ്, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്,

മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1953), 283. [2]ഗോർഡൻ ഡി. ഫീ. *ദ ഫസ്റ്റ് എപ്പിസ്റ്റൽ ടു ദ കൊരിന്ത്യൻസ്. ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 586. [3]റോബെർട്ട് ജി. ബ്രാച്ചെർ, *എ ട്രാൻസ്ലേറ്റേഴ്സ് ഗൈഡ് ടു പോൾസ് ഫസ്റ്റ് ലെറ്റർ ടു ദ കൊരിന്ത്യൻസ്* (ന്യൂയോർക്ക്.: യുനൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1982), 124. [4]ഫ്രെഡറിക് ഡെയിൽ ബ്രൂണർ, ഏ തിയോളജി ഓഫ് ദ ഹോളി സ്പിരിറ്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1970), 290. [5]ഇബിഡ്. [6]കൂടാതെ പരിശുദ്ധാത്മാവ് വസിക്കൽ അത്ഭുതവരങ്ങളിൽനിന്ന് വ്യത്യസ്തമാണ്. പുത്രത്വത്തിന്റെ ഉറപ്പായി എല്ലാ ക്രിസ്ത്യാനികൾക്കും ലഭിക്കുന്നതാണ് പരിശുദ്ധാത്മാവ് വസിക്കൽ, എന്നാൽ അത്ഭുതവരങ്ങൾ അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ മാത്രമാണ് ലഭിക്കുന്നത്. [7]ഓവൻ ഡി. ആൾബ്രൈറ്റ്, ബാപ്റ്റിസം: ന്യുബെർത്ത് ഓർ എംറ്റി റിച്ചൽ? (ഡിലൈറ്റ് ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., 1994), 141–42. [8]ലൂക്കൊസ് 1:77; 11:52; റോമർ 2:20; 11:33; 15:14; 1 കൊരിന്ത്യർ 1:5; 13:2, 8; 14:6; 2 കൊരിന്ത്യർ 2:14; 4:6; 8:7. [9]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "അന്യഭാഷയും പരിശുദ്ധാത്മാവും" എന്ന പാഠത്തിൽ "അന്യ-ഭാഷയെ" ചർച്ച ചെയ്തിരിക്കുന്നതു നോക്കുക.